ബഹുമാനപ്പെട്ട. വർക്കല രാധാകൃഷ്ണൻ ഫാക്ടസിലേക്കാണ് കടക്കുന്നത്. അതുകൊണ്ട് ഇത് റിലവൻസ് അല്ല. അത് അനുവദിക്കാൻ പാടില്ല. .....(ബഹളം).....

(തുടർന്ന് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ ഡയസിനു മുൻപിലുള്ള ഭാഗത്തേക്കു നീങ്ങിക്കൊണ്ട് ശ്രീ. കെ. കരുണാകരനും ശ്രീ. ആർ. ബാലകൃഷ്ണ പിള്ളയ്ക്കും എതിരായി മുദ്രാവാക്യങ്ങൾ മുഴക്കിക്കൊണ്ടിരുന്നു.)

മി. സ്പീക്കർ: ഏതായാലും സഭാനടപടികൾ തടസപ്പെടുത്തുകയാണെങ്കിൽ നടപടികൾ കുറച്ചു നേരത്തേക്ക് മാറ്റിവയ്ക്കാതെ നിവൃത്തിയില്ല. ചെയർ ഏതായാലും ഈ സഭാനടപടികൾ നടത്തിക്കൊണ്ടു പോകുന്നതു സംബന്ധിച്ച് കക്ഷി നേതാക്കൻമാരുമായി ചർച്ച ചെയ്യാൻ ആഗ്രഹിക്കുകയാണ്. അതിനുശേഷമേ മുന്നോട്ടു പോകുന്നുള്ളൂ. സഭ അൽപ്പ സമയത്തേക്ക് നിർത്തിവച്ചിരിക്കുകയാണ്.

(സഭ രാവിലെ 10.12-ന് പിരിയുകയും 11.39-ന് വീണ്ടും ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും ചെയ്തു.)

മി. സ്പീക്കർ: ഇന്ന് ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെ പ്രസക്തമായ ഒരു പോയിൻറ് ഓഫ് ഓർഡർ ഉന്നയിച്ചിരിക്കുകയാണ്. അതുപോലെ പ്രസക്തങ്ങളായ കാര്യങ്ങളാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും മറ്റു ചില അംഗങ്ങളും ചൂണ്ടിക്കാണിച്ചിട്ടുള്ളതും. ഏതായാലും ഇതു സംബന്ധിച്ച് വിശദമായ ഒരു പരിശോധന ആവശ്യമാണെന്നുള്ളതുകൊണ്ട് റൂളിങ്ങ് ഇപ്പോൾ പറയുന്നില്ല. റൂളിംഗ് മാറ്റിവച്ചിരിക്കുകയാണ്. സഭയുടെ മറ്റു നടപടികളുമായി മുന്നോട്ടു പോകുകയാണ്. (ഈ സമയം പ്രതിപക്ഷ അംഗങ്ങൾ സീറ്റിൽനിന്ന് എഴുന്നേറ്റ് ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസിനു മുന്നിൽ വന്നു നിന്നുകൊണ്ട് ഉച്ചത്തിൽ മുദ്രാവാക്യം വിളി തുടങ്ങി).

(ശദ്ധക്ഷണിക്കൽ പ്രമേയങ്ങൾ ആരും അവതരിപ്പിച്ചില്ല)

III. മേശപ്പുറത്തു വച്ച കടലാസുകൾ

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, താഴെ പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

1. 1986 ജൂലായ് 23-ാം തീയതിയിലെ ജി. ഒ. (പി.) നമ്പർ 236/86/ജി.എഡി. (എസ്.ആർ.ഒ. നമ്പർ 1528/86).

2. 1985 മാർച്ച് 31-ാം തീയതി അവസാനിക്കുന്ന വർഷത്തിലെ ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ (ഐ. എം.) കേരള ലിമിറ്റഡിന്റെ പത്താം വാർഷിക റിപ്പോർട്ട് റിവ്യൂ സഹിതം.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

1. 1981 മേയ് 5-ാം തീയതിയിലെ നോട്ടിഫിക്കേഷൻ നമ്പർ 46424/ഇ2/80-1/എൽ.ബി.ആർ. (എസ്.ആർ.ഒ. നമ്പർ 542/81) മേഖപ്പുറത്തു വയ്ക്കാനുണ്ടായ കാലതാമസം കാണിക്കുന്ന വിശദീകരണക്കുറിപ്പു സഹിതം.

2. 1986 മേയ് 6-ാം തീയതിയിലെ ജി. ഒ. ആർ: ററി. നമ്പർ 749/86/എൽ. ബി. ആർ. (എസ്. ആർ. ഒ. നമ്പർ 681/86)

3. കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ (നിർമ്മാണവും വിപണനവും) 1984-85-ലെ ഒന്നാമത്തെ വാർഷിക റിപ്പോർട്ട്.

IV. റിപ്പോർട്ട് സമർപ്പണം

കാര്യോപദേശക സമിതിയുടെ ഇരുപത്തെട്ടാമതു റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, കാര്യോപദേശക സമിതിയുടെ ഇരുപത്തിയെട്ടാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

V. റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ ഇരുപത്തിയെട്ടാമതു റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, കാര്യോപദേശക സമിതിയുടെ 28-ാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

(റിപ്പോർട്ട് സഭ അംഗീകരിച്ചു.)

VI. നിയമനിർമ്മാണകാര്യം.

(1) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1986-ലെ കമാൻഡ് ഏരിയ വികസന ബില്ലിന്റെ പരിഗണനയും അനന്തര ഘട്ടങ്ങളും—(തുടർച്ച)

5 മുതൽ 9 വരെയുള്ള ക്ലാസുകൾ

5 മുതൽ 9 വരെയുള്ള ക്ലാസുകൾ ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

5 മുതൽ 9 വരെയുള്ള ക്ലാസുകൾ ബില്ലിന്റെ ഭാഗമായിത്തീർന്നു.

ക്ലാസ്—10

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, "10-ാം വകുപ്പിലെ (കൂടു) എന്ന ഉപവകുപ്പിൽ "34" എന്ന അക്കങ്ങൾക്ക് പകരം "40" എന്ന അക്കങ്ങൾ ചേർക്കണം" എന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly